പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 393 — 06.03.2012-ൽ മറുപടിയ്ക്ക്

ചേലക്കര മണ്ഡലത്തിലെ അപേക്ഷകർക്ക് വൈദ്യുതി കണക്ഷൻ.

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. രാധാകൃഷ്ണൻ : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കിയ നിയോജക മണ്ഡലങ്ങളിൽ അവശേഷിക്കുന്ന വൈദ്യുതി കണക്ഷനുകൾ കാലതാമസം കൂടാതെ നൽകുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;<br><br>(ബി) ചേലക്കര മണ്ഡലത്തിൽ സി. ഡി. അടച്ച് വൈദ്യുതി കണക്ഷന് കാത്തിരിക്കുന്ന അപേക്ഷകർക്ക് കണക്ഷൻ ലഭ്യമാക്കുന്നതിനാവശ്യമായ പോസ്റ്റ് ഉൾപ്പെടെയുള്ള മെറ്റീരിയൽസ് വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ? | (എ) & (ബി) കേരള സംസ്ഥാന വൈദ്യുതി ബോർഡ് 500 വാട്ട്സിനു താഴെ കണക്ടഡ് ലോഡുള്ള ബി. പി. എൽ വിഭാഗത്തിൽപ്പെടുന്ന അപേക്ഷകർക്കും 1000 വാട്ട്സിനു താഴെ കണക്ടഡ് ലോഡുള്ള എസ്. സി എസ്.ടി വിഭാഗത്തിൽപ്പെടുന്ന അപേക്ഷകർക്കും സൗജന്യ വൈദ്യുതി കണക്ഷനുകൾ അപേക്ഷിച്ച ഉടൻ തന്നെ നൽകുന്നുണ്ട്. 500 വാട്ട്സോ അതിനു മുകളിലോ കണക്ടഡ് ലോഡുള്ള ബി.പി. എൽ വിഭാഗക്കാർക്കും, 1000 വാട്ട്സോ അതിനുമുകളിലോ കണക്ടഡ് ലോഡുള്ള എസ്. സി എസ്.ടി വിഭാഗക്കാർക്കും ലൈൻ വലിയ്ക്കുന്നതിനാവശ്യമായ തുക പട്ടണപ്രദേശത്ത് ആർ.എ.പി.ഡി.ആർ.പി പദ്ധതി, ഗ്രാമപ്രദേശങ്ങളിൽ ആർ.ജി.ജി.വി.വൈ പദ്ധതി, എം.പി, എം.എൽ.എ ഫണ്ട്, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ട്, പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പിൽ നിന്നുള്ള ഫണ്ട്, കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ അംഗീകരിക്കുന്ന പദ്ധതിയിലുള്ള |

ബോർഡിൻെറ ഫണ്ട് ഇവയിലേ തെങ്കിലും ഉൾപ്പെടുത്തി സിഡിയും കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള ന്യായമായ തുകയും അടയ്ക്കുന്ന തനുസരിച്ച് ഗാർഹിക വൈദ്യുതി കണക്ഷനുകൾ നൽകുവാനാണ് ലക്ഷ്യമിടുന്നത്.

കൂടാതെ 1000 വാട്ട്സിനു താഴെ കണക്ടഡ് ലോഡുള്ള മറ്റ് പാവപ്പെട്ട അപേക്ഷകർക്ക് ലൈൻ വലിയ്ക്കുന്നതിനുള്ള പ്രവൃത്തി കളും വികലാംഗർ, ക്യാൻസർ രോഗികൾ തുടങ്ങിയവർക്ക് സൗജന്യ മായി വൈദ്യുത കണക്ഷനുകൾ നൽകുന്നതിനുള്ള പ്രവൃത്തികളും ഒരു പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിന് ബോർഡ് തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതി റെഗുലേറ്ററി കമ്മീഷൻെറ അംഗീകാരത്തിന് ഉടൻതന്നെ സമർ പ്പിക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്. മേൽ വ്യവസ്ഥകൾക്കനുസൃതമായി മുൻ ഗണനാക്രമം അനുസരിച്ചും സാധന സാമഗ്രികളുടെ ലഭ്യത അനുസരിച്ചുമായിരിക്കും വൈദ്യുതി കണക്ഷൻ നൽകുന്നത്.

സെക്ഷൻ ഓഫീസർ.